# മധുരപ്രതികാരം

• നളിനി ശശിധരൻ



അയൽവാസികളായ രണ്ട് സുഹൃത്തുക്കളായിരുന്നു രഘുവും സുകുവും. മക്കളില്ലാത്ത രഘുവിനും ഭാര്യ സുമയ്ക്കും സുകുവിന്റെ മകൾ ചിഞ്ചു സ്വന്തം മകളെപ്പോലെയായിരുന്നു. ഒരിക്കൽ രഘുവും സുമയും ഒരു തീർത്ഥയാത്ര പോകാൻ തിരുമാനിച്ചു. പോകുന്നതിനു മുൻപ് അവരുടെ കൈവശമുണ്ടായിരുന്ന കുറച്ചു സ്വർണാഭരണങ്ങളും രൂപയും ഒരു പേഴ്സിലിട്ട് സുകുവിനെ ഏൽപിച്ചു. ''ഇത് നീ സുക്ഷിച്ചു വെക്കണം. ആളില്ലാത്ത വീട്ടിൽ വച്ചിട്ടു പോകുന്നത് സുരക്ഷിതമല്ല. തിരിച്ചു വന്നിട്ടു വാങ്ങിക്കൊള്ളാം.''

''ശരി, നിങ്ങൾ സന്തോഷമായി പോയ് വരൂ.'' സുകു അവരെ യാത്രയാക്കി. ഒരു മാസത്തിനു ശേഷമാണ് അവർ മടങ്ങിയെത്തിയത്. ദൂരെ വെച്ചു തന്നെ വീടിന്റെ മുൻവാതിൽ തുറന്നു കിടക്കുന്നത് അവരുടെ ശ്രദ്ധയിൽ പെട്ടു.

വീട്ടിനുള്ളിൽ കയറിയപ്പോൾ തുണിയും മറ്റും വാരിവലിച്ചിട്ടിരിക്കുന്നതാണ് കണ്ടത്. ''നമ്മൾ സ്വർണവും പണവും സുകുവിനെ ഏൽപിച്ചതു നന്നായി. അല്ലെങ്കിൽ അതും കൂടി കള്ളൻ കൊണ്ടുപോകുമായിരുന്നു.'' രഘു നേരെ സുകുവിന്റെ വീട്ടിലേക്ക് പോയി. അവിടെ ആരും ഉണ്ടായിരുന്നില്ല. വീട് അടഞ്ഞുകിടക്കുന്നു.

രണ്ടു ദിവസം കഴിഞ്ഞാണ് സുകുവും കുടുംബവും മടങ്ങിയെത്തിയത്. ചിഞ്ചുവിനായി വാങ്ങിക്കൊണ്ടുവന്ന വളയും മാലയും പലഹാരങ്ങളും ഒക്കെ അവൾക്കു കൊണ്ടുകൊടുത്തു. എല്ലാം കണ്ടപ്പോൾ അവൾക്കു വലിയ സന്തോഷമായി. രഘു യാത്രാവി

▸▸ കേരളത്തിലെ ആദ്യ കോൺക്രീറ്റ് ഡാം– മാട്ടുപ്പെട്ടി ഡാം

ശേഷങ്ങളൊക്കെ പറഞ്ഞ് അൽപനേരം ഇരുന്നു.

ഇറങ്ങാൻ തുടങ്ങിയപ്പോൾ സുകു പേഴ്സ് എടുത്തു കൊണ്ടുകൊടുത്തു. പേഴ്സിനു തീരെ ഭാരം ഇല്ലാത്തതു പോലെ. അയാൾ പേഴ്സ് തുറന്നു നോക്കി. അതിൽ ഒരു താക്കോൽക്കൂട്ടം മാത്രമേയുള്ളു. രഘുവിന് തല കറങ്ങുന്നതായി തോന്നി. സമനില വീണ്ടെടുത്തുകൊണ്ട് അയാൾ ചോദിച്ചു: ‘‘ഇതിൽ സുമയുടെ കുറെ ആഭരണങ്ങളും കുറച്ചു രൂപയും ഉണ്ടായിരുന്നല്ലോ. അതു കാണുന്നില്ല.’’

‘‘രഘൂ, നീ സമാധാനമായി ആലോചിച്ചു നോക്ക്, പണവും ആഭരണങ്ങളും എവിടെയാണ് വച്ചതെന്ന്?’’

‘‘ഞാൻ ഈ പേഴ്സ്സിനുള്ളിലാണല്ലോ വെച്ചത്.’’ രഘു ഉറപ്പിച്ചു പറഞ്ഞു.

‘‘നീ ഒരുപക്ഷേ പഴ്സിനുള്ളിൽ വയ്ക്കണം എന്നു വിചാരിച്ചു കാണും. എന്നിട്ട് എടുത്തു വയ്ക്കാ ൻ മറന്നുപോയിരിക്കും. നീ തന്ന പേഴ്സ് അതേപടി ഞാൻ പെട്ടിക്കുള്ളിൽ കൊണ്ടുവെച്ചു. പിന്നെ ഇന്നാണ് കൈകൊണ്ട് തൊടുന്നത്.’’

രഘുവിന് ആകെ ചിന്താക്കുഴപ്പമായി. പണവും ആഭരണങ്ങളും താൻ തന്നെയാണല്ലോ പേഴ്സിൽ എടുത്തുവച്ചത്. പിന്നെ ഇപ്പോൾ ഇങ്ങനെ പറഞ്ഞാൽ എന്തുചെയ്യും? പക്ഷേ സുകു തന്നെ പറ്റിക്കുമെന്ന് ചിന്തിക്കാനും കഴിയുന്നില്ല. ഉള്ളിലെ പരിഭ്രമം അടക്കിവച്ചുകൊണ്ട് രഘു പറഞ്ഞു: ‘‘നീ പറഞ്ഞത് തന്നെയായിരിക്കും ശരി. പണവും ആഭരണവും ഈ



# വസന്തം

• പുത്തൻവേലിക്കര സുകുമാരൻ

പാടവരമ്പിൽ തൈത്തെങ്ങിൻമേൽ
പാടിയിരിക്കും തത്തമ്മേ,
പഴുത്തു തൂങ്ങും പവിഴക്കതിരുകൾ
കൊത്തിയെടുക്കാൻ വന്നാട്ടെ
നീലമുളങ്കാടുകൾ തൈത്തെന്നലി–
ലാലോലം കളിയാടുമ്പോൾ
വർണ്ണപ്പൂഞ്ചിറകുകളുള്ളൊരു പൊൻ
മയിലേയാടാൻ വന്നാട്ടെ!
വള്ളിക്കുടിലിൽ കിനാവു കാണും
കുയിലേ പാടാൻ വന്നാട്ടെ,
നിനക്കു നല്ലൊരു പൊന്നോടക്കുഴൽ
നൽകാം കൂടെയണഞ്ഞാട്ടെ!

▸▸ കേരള സംസ്ഥാനം രൂപംകൊണ്ട ശേഷം നിലവിൽ വന്ന ആദ്യ ഡാം– പീച്ചി ഡാം (1957)

പേഴ്സിൽ വെക്കാനായി ഞാൻ തന്നെയാണ് പൊതിഞ്ഞെടുത്തത്. ചിലപ്പോൾ അവിടെത്തന്നെ മറന്നു വെച്ചു കാണും. അത് ആ കള്ളൻ കൊണ്ടുപോയിരിക്കും. നീ വിഷമിക്കേണ്ട. പോയതു പോട്ടെ.'' രഘു ഒരു ഭാവഭേദവും കാട്ടാതെ വീട്ടിലേക്കു പോയി. സുമയോട് കാര്യം പറഞ്ഞു.

''ഇതിൽ എന്തോ ചതിയുണ്ട്. ഞാനും കൂടി നിൽക്കെയല്ലേ പണവും ആഭരണവും പേഴ്സിനുള്ളിൽവെച്ചത്. സുമ തറപ്പിച്ചു പറഞ്ഞു. ''നമ്മളോട് അവർ കള്ളം പറയുമെന്നു ചിന്തിക്കാനേ കഴിയുന്നില്ല.'' രഘു പറഞ്ഞു. ''ഇനി വേണമെങ്കിൽ പൊലീസിന് ഒരു പരാതി എഴുതിക്കൊടുക്കാം.''

''വേണ്ട, വേണ്ട. നാടും വീടും വിട്ട് നമ്മൾ രണ്ടാളും ഇവിടെ വന്നതുമുതൽ സ്വന്തമെന്നും ബന്ധമെന്നും പറയാൻ അവർ മാത്രമേ ഉള്ളൂ. ഇതിന്റെ പേരിൽ ഒരു പിണക്കമുണ്ടായാൽ ചിഞ്ചുവിനെ അവർ ഇങ്ങോട്ടു വിടില്ല. എനിക്ക് പണത്തിനെക്കാളും പൊന്നിനെക്കാളും വലുത് അവളാണ്. ഇതെല്ലാം അവൾക്കു തന്നെ ഒരാവശ്യം വരുമ്പോൾ കൊടുക്കണമെന്ന് ഞാൻ കരുതിയിരുന്നതാണ്. അത് ഇപ്പോഴേ കൊടുത്തുവെന്നു വിചാരിച്ചാൽ മതി.

ഈശ്വരൻ എന്തെങ്കിലും ഒരു വഴി കാണിച്ചുതരും.'' അവനെ അങ്ങനെ വിട്ടാൽ പറ്റില്ലല്ലോ. നീ പറഞ്ഞതുപോലെ എനിക്കും ചിഞ്ചുവിനെ കാണാതിരിക്കാൻ ബുദ്ധിമുട്ടുണ്ട്. തൽക്കാലം നമുക്ക് പ്രതികരിക്കേണ്ട.'' രഘു പറഞ്ഞു. പഴയതുപോലെ അവർ രണ്ടുകൂട്ടരും സ്നേഹത്തോടെ തന്നെ കഴിഞ്ഞു.

മാസങ്ങൾ കടന്നു പോയി. ഒരു ദിവസം സുകുവിനും ഭാര്യക്കും ഒരുബന്ധുവിന്റെ മരണത്തിന് പോകേണ്ടി വന്നു. ചിഞ്ചു സ്കൂളിൽ പോയിരിക്കുകയായിരുന്നു. സ്കൂൾ വിട്ടു വരുമ്പോൾ കുട്ടിയെ കൂട്ടിക്കൊണ്ടുപോകണമെന്ന് രഘുവിനെ പറഞ്ഞേൽപിച്ചിട്ടാണ് അവർ മരണവീട്ടിലേക്കു പോയത്. രഘു ആലോചിച്ചു: ഇവനെ പറ്റിക്കാൻ ഇതു തന്നെ സമയം. സ്കൂൾ വിട്ടു മടങ്ങിയെത്തിയ ചിഞ്ചുവിനെ അയാൾ സ്വന്തം അമ്മയുടെ അടുത്തേക്ക് കൂട്ടിക്കൊണ്ടു പോയി. ''ആന്റി ഓഫീസിൽനിന്നു വരാൻ വൈകും. അങ്കിളിന് അത്യാവശ്യമായി ഒരു സ്ഥലത്ത് പോകണം. മോൾ അമ്മൂമ്മയുടെ അടുത്ത് നിൽക്കണം. ഞാൻ എത്രയും പെട്ടെന്നു മടങ്ങിയെത്താം.'' എന്നു പറഞ്ഞ് അയാൾ ധൃതിയിൽ പുറത്തേക്ക് പോയി. വീട്ടിലെത്തിയപ്പോൾ സുമയും വന്നു ചേർന്നു. ചിഞ്ചുവിന്റെ കാര്യമൊന്നും അവരോടു പറഞ്ഞില്ല.

രാത്രി വളരെ വൈകിയാണ് സുകുവും ഭാര്യയും തിരിച്ചെത്തിയത്.

''രഘൂ, ഞങ്ങൾ വരാൻ വൈകിപ്പോയി മോളെന്തിയേ.. അവൾ ഉറങ്ങിയോ?''. ''മോളോ? അയ്യോ അവൾ ഇവിടെ വന്നില്ലല്ലോ...'' രഘു ഒരു കൂസലും കൂടാതെ പറഞ്ഞു.

''അയ്യോ! എന്റെ കുഞ്ഞ്.. അവൾ പിന്നെ എവിടെപ്പോയി? സ്കൂൾ വിട്ടു വരുമ്പോൾ നിന്നോടു വിളിച്ചു കൊണ്ടു പോകണമെന്നല്ലേ പറഞ്ഞത്?''

''സുകൂ, നീ സമാധാനമായിട്ട് ആലോചിച്ചു നോക്ക്. കുട്ടിയെ വിളിച്ചു നിർത്താൻ നീ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന്? നമ്മളൊക്കെ മനുഷ്യരല്ലേ? ചിലപ്പോൾ ഓർമക്കുറവ് ഉണ്ടായെന്നു വരും. അന്നു ഞങ്ങൾ യാത്ര പോയപ്പോൾ സ്വർണവും പണവും നിന്നെ ഏൽപിച്ചിരുന്നുവെന്ന് വെറുതെ ഞാൻ സംശയിച്ചില്ലേ?''

രഘു തന്നോട് പ്രതികാരം ചെയ്തതാണെന്ന് സുകുവിനു മനസ്സിലായി. അയാൾ ഒന്നും പറയാതെ വീട്ടിലേക്കു പോയി. സ്വർണവും പണവും എടുത്തു കൊണ്ടു വന്നു. എന്നിട്ട് രഘുവിനോട് പറഞ്ഞു: ''എനിക്ക് ഒരു ബുദ്ധിമോശം വന്നുപോയി. നീ എന്നോട് ക്ഷമിക്കൂ. നിന്റെ പണവും സ്വർണവും എടുത്തിട്ട് എന്റെ മോളെ തിരിച്ചു തരൂ.''

പണവും ആഭരണവും വാങ്ങി ഭാര്യയുടെ കൈയിൽ കൊടുത്തിട്ട് രഘു സുകുവിനെയും കൂട്ടി അമ്മയുടെ അടുത്തേക്കു പോയി. അപ്പോഴേക്കും അവൾ ഉറങ്ങിക്കഴിഞ്ഞി രുന്നു. ചിഞ്ചുവിനെയും തോളിലേറ്റി രഘു നടന്നു; പിന്നാലെ ചെയ്തു പോയ തെറ്റിൽ പശ്ചാത്തപിച്ചുകൊണ്ട് സുകുവും.

•